**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5822** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും പുതിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ധനസ്ഥിതി മുൻ വർഷത്തെക്കാൾ മോശമായ അവസ്ഥയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയത് എന്നീ കാരണങ്ങളാൽ സംസ്ഥാനത്ത് പണഞെരുക്കം അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് നിലവിലെ പണ ഞെരുക്കം നേരിടുവാനുള്ള ശ്രമം നിലവിൽ ഫലം കണ്ടുവരുന്നുണ്ട്. |
| (ബി) | നടപ്പുവർഷം കേന്ദ്രം അനുവദിച്ച പരിധിയിൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രത്തിൽ നിന്നും അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കേന്ദ്ര പദ്ധതിയായ ജല ജീവൻ മിഷൻ നടപ്പിലാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന് തുല്യമായ തുക കടമെടുപ്പ് പരിധിക്ക് ഉപരിയായി അനുവദിക്കണമെന്നും ദേശീയ പാത വികസനത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുകയും ഉപാധികളില്ലാതെ കടമെടുക്കാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് വിവിധ കത്തുകളിലൂടെയും നിവേദനങ്ങളിലൂടെയും സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെയും സംസ്ഥാനത്തിന് പ്രസ്തുത അധിക കടമെടുപ്പ് അനുവദിച്ച് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അധിക വായ്പയെടുത്ത് പ്രത്യുത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിക്ക് ഗുണകരമാണോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനം ഇന്ന് കൈവരിച്ചിരിക്കുന്ന ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ മേഖലകളിലെ മുന്നേറ്റം പതിറ്റാണ്ടുകളിലായി സർക്കാർ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപത്തിന്റെ പിൻബലത്തിൽ ഉണ്ടായിട്ടുള്ളതാണ്. അതിന്റെ തുടർച്ച നിലനിർത്തുകയെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണ്. ഇതിന്റെ ഭാഗമായി വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതമാണ് സംസ്ഥാനം ഓരോ വർഷവും വകയിരുത്തി വരുന്നത്. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തു നിന്നും പുറത്ത് നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിലേയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി പോരുന്നത്. |

സെക്ഷൻ ഓഫീസർ